LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : 1989-ലെ കേരളാ ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണം എന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു, ബിൽ പരിഗണനയ്ക്ക് എടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടും മൂന്നും വകുപ്പുകൾ,-ഭേദഗതി ഇല്ല.

രണ്ടും മൂന്നും വകുപ്പുകൾ, ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു, രണ്ടും മൂന്നും വകുപ്പുകൾ, ബില്ലിന്റെ ഭാഗമായി.

പട്ടിക

ഭേദഗതി ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ഭേദഗതി ഇല്ല.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൂന്നാം വായന

ധനകാര്യവകുപ്പ് മന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ) : സർ, 1989-ലെ കേരളാ ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

1989-ലെ കേരളാ ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായി.

# V റൂളിംഗ്

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറെ സംബന്ധിച്ച് ചില പത്രവാർത്തകൾ വരുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റിലെ ജോയിന്റ് സെക്രട്ടറി 47-ഓളം പേരുടെ മൊഴികളെടുത്തു ഒരു പ്രാഥമിക അന്വേഷണം നടത്തി പൂർത്തിയാക്കിയിട്ടുണ്ട്. അന്വേഷണത്തിൽ രണ്ട്

പേരാണ് പ്രധാനമായും ഈ ബില്ലുകൾ കൈകാര്യം ചെയ്യുന്നത്. കോംപ്ലക്സ് അക്കൗണ്ട്സ് സെക്ഷനിൽ പ്രവർത്തിക്കുന്ന ഒരു അണ്ടർ സെക്രട്ടറി, ഒരു സെക്ഷൻ ആഫീസർ, ഒരു അസിസ്റ്റന്റ്. ഈ മൂന്ന് പേർക്കല്ലാതെ മറ്റാർക്കും ഈ ബില്ലുമായി access ഇല്ല. ഈ നിയമസഭയിൽ ആർക്കും തന്നെ ഇത് പരിശോധിച്ചപ്പോൾ കസ്റ്റോഡിയൻ കൃത്യവിലോപം വരുത്തിയതായി തെളിഞ്ഞിട്ടുണ്ട്. ബില്ലിന്റെ കസ്റ്റോഡിയനെ സസ്പെന്റ് ചെയ്തുകൊണ്ട്, കൂടുതൽ അന്വേഷണം നടത്താൻ, ഇപ്പോൾ സ്പെഷ്യൽ ഓഫീസറുടെ ഡ്യൂട്ടി നോക്കുന്ന ശ്രീ. ആർ. രാജേന്ദ്രബാബുവിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ 3 ആളുകളെ സംബന്ധിച്ചും, അവരുടെ മൊഴിയിൽ നിന്നും അവർ ആരുംതന്നെ ഭരണകക്ഷിയോട് ആഭിമുഖ്യമുള്ള യൂണിയനിലെ അംഗങ്ങളല്ല എന്നും തെളിഞ്ഞിട്ടുണ്ട്. അവരുടെ മറ്റ് കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടക്കുമെന്നുള്ളതുകൊണ്ട് പറയുന്നില്ല. വളരെ നിഷ്പക്ഷമായും നീതിപൂർവ്വമായും അന്വേഷണം നടത്തും. ഇക്കാര്യം സഭയെ അറിയിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അന്തസ് നിലനിർത്തുന്നതിന് അവരെക്കാൾ കൂടുതൽ താൽപര്യമുള്ള ഒരു സ്പീക്കറാണ് കസേരയിലുള്ളത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1989 മാർച്ച് 29-ാം തീയതി രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ 28-ാം തീയതി 4.14-ന് പിരിഞ്ഞു.

---

LIBRARY ARCHIVES Kerala Legislative Assembly